(സി ആന്റ് ഡി) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഹാജർ നേടിക്കഴിഞ്ഞാലും കോഴ്സിന്റെ ഭാഗമായ പരീക്ഷക്കിരിക്കുവാൻ അപേക്ഷിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യാത്തപക്ഷം ആ വിദ്യാർത്ഥിക്ക് കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുവാൻ നിലവിലുള്ള കേരള യൂണിവേഴ്സിറ്റി റഗുലേഷൻ അനുവദിക്കുന്നില്ല. അവർക്ക് മുടങ്ങിപ്പോയ കോഴ്സ് പുനരാരംഭിക്കുവാൻ റീ രജിസ്ട്രേഷൻ നിയമപരമായി ആവശ്യമാണ്.

കായംകുളം സർക്കാർ ആശുപത്രിയുടെ നവീകരണവും നിയമനങ്ങളും

148 [153] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവൺമെന്റ് ആശുപത്രിയിൽ 100 കിടക്കകളുള്ള ഒരു പുതിയ വാർഡ് പണിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പണി എന്നേക്ക് പൂർത്തിയാകും;

(സി) പ്രസ്തുത വാർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഡോക്ടർമാരുടെയും, മറ്റു സ്റ്റാഫിന്റെയും പോസ്റ്റ് ക്രിയേറ്റ് ചെയ്യണമെന്നും ഡോക്ടർമാരെയും മറ്റു സ്റ്റാഫിനെയും നിയമിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടിയെടുത്തു;

(ഇ) പ്രസ്തുത ആശുപത്രിയിലെത്തുന്ന എമർജൻസി കേസുകളെ കണക്കിലെടുത്ത് അവിടെ ഒരു കാഷ്യാലിറ്റി വിഭാഗം ആരംഭിക്കുവാൻ നടപടി യെടുക്കുമോ;

(എഫ്) ഈ ആശുപത്രിയെ താലൂക്ക് ആശുപത്രിയുടെ പദവിയിലേക്ക് ഉയർത്തണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ എന്ത് നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2005 ജൂലായ് മാസം പൂർത്തിയാകുമെന്ന് കരുതുന്നു.

(സി) നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പു ഡയറക്ടറിൽനിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) 20-12-2004-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 3619/2004/ആകുവ. പ്രകാരം കായംകുളം സർക്കാർ ആശുപത്രിയിൽ താൽക്കാലികമായി ആരംഭിച്ച കാഷ്യാലിറ്റി യൂണിറ്റിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) കായംകുളം സർക്കാർ ആശുപത്രിയെ സി.എച്ച്.സി. ആയോ താലൂക്കാശുപത്രിയായോ ഉയർത്തുന്നതിനുള്ള പൂർണ്ണമായ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അതിൻമേൽ നടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly